LIBRARY ARCHIVES Kerala Legislative Assembly

ജനസമ്പർക്ക പരിപാടിക്ക് ചെലവഴിച്ച തുക

8 [8] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ നൂറുദിന കർമ്മ പരിപാടിക്കും ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ടും സംസ്ഥാന ഖജനാവിൽനിന്നും വിവിധ ഇനത്തിൽ എന്തുതുക ചെലവഴിച്ചിട്ടുണ്ട്; ഇനംതിരിച്ച് വെളിപ്പെടുത്തുമോ;

(ബി) നൂറുദിന കർമ്മ പരിപാടിക്കും ജനസമ്പർക്ക പരിപാടിക്കും പത്ര, ദൃശ്യ മാധ്യമങ്ങളിൽ പരസ്യം നൽകിയ ഇനത്തിൽ എന്തുതുക ചെലവഴിച്ചിട്ടുണ്ട്?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ നൂറുദിന കർമ്മപരിപാടിക്കും ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ടും ധനസഹായമായി 108.08 ലക്ഷം രൂപ നൽകി. 21.84 ലക്ഷം രൂപ അതിന്റെ നടത്തിപ്പിനായി ചെലവായി. പരസ്യത്തിനായി 40.72 ലക്ഷം രൂപ ചെലവായി. ഡോക്യുമെന്ററിയുടെ നിർമ്മാണത്തിന് അഞ്ചുലക്ഷം രൂപയും ഒരുമിനിറ്റ് പരസ്യചിത്രം നിർമ്മിച്ചതിന് 8,26,500 രൂപയും ചെലവായിട്ടുണ്ട്.

(ബി) നൂറുദിന കർമ്മ പരിപാടിക്കും ജനസമ്പർക്ക പരിപാടിക്കും പത്ര, ദൃശ്യ മാധ്യമങ്ങളിൽ പരസ്യം നൽകിയ ഇനത്തിൽ മൊത്തം 53.99 ലക്ഷം രൂപ ചെലവായി.

സാമൂഹ്യക്ഷേമ പദ്ധതികളും സ്ത്രീകളും

9 [9] ശ്രീമതി പി. കെ. ശ്രീമതിടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന സാമൂഹ്യക്ഷേമ പദ്ധതികളിൽ ആനുകൂല്യത്തിനായി ഗുണഭോക്താക്കളെ കണ്ടെത്തുമ്പോൾ അതിന്റെ മൂന്നിലൊന്ന് ഭാഗമെങ്കിലും സ്ത്രീകളായിരിക്കണം എന്ന നിർദ്ദേശം സംസ്ഥാന ആസൂത്രണ കമ്മീഷന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഏതെല്ലാം പദ്ധതികളുടെ കാര്യത്തിൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സ്ത്രീകളുടെ സാമൂഹ്യ പദവി ഉയർത്തുന്നതിനുതകുന്ന എന്തെല്ലാം പദ്ധതി നിർദ്ദേശങ്ങൾ സംസ്ഥാന ആസൂത്രണ കമ്മീഷൻ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടെന്നും അതിൻമേൽ ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങളെന്തെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ടായിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.